
കുങ്കുമം
8 കഥകൾ
കവിതകൾ
ഏപ്രിൽ 2017
വില 15 രൂപ
ആത്മനിഷ്ഠമായ
കവിതകളുടെ
അടരുകളിലൂടെ
അപൂർവ്വത
നിറഞ്ഞ
അഞ്ജിയില്ലം
സ്ത്രീസുരക്ഷയും
ഭരണകൂട വീക്ഷണങ്ങളും
നിയമവ്യവസ്ഥയുടെ
അവ്യക്ത ഭാവങ്ങളിൽ

## ആദ്യ ടെലഫോൺ സംസാരം



'വാട്സൺ ദയവു ചെയ്ത് ഒന്നിങ്ങുവരണം!' ഇതാണ് ടെലഫോണിലൂടെ ആദ്യമായി സംസാരിച്ച വാചകം. സംസാരിച്ചത് മറ്റാരുമല്ല, ഫോണിന്റെ ഉപജ്ഞാതാവായ സ്കോട്ട്ലാന്റ്കാരനായ അലക്സാണ്ടർ ഗ്രഹാംബെൽ തന്നെ (1847-1922). മറ്റൊരു സ്ഥലത്തുനിന്നും സന്ദേശം അയച്ചത് ബെല്ലിന്റെ സഹായി തോമസ് വാട്സണും.

കഥ


ശിവദാസൻ എ.കെ

# രൂപന്റെ കഥ

രൂപനെ പോലീസ് പിടിച്ചുകൊണ്ടുപോയി എന്ന് പറയുവാനാണ് അവന്റെ അമ്മ എന്നെ കാണാൻ വന്നത്.

സ്റ്റാഫ് റൂമിൽ ഞാൻ തനിച്ചായിരുന്നു. മുമ്പെല്ലാം ഞാൻ കാണുമ്പോഴുള്ള രൂപംതന്നെ. കഴിഞ്ഞുപോയ തമിഴ് വാസത്തിന്റെ ബാക്കിപത്രമെന്നോണം സ്വർണ്ണവർണ്ണം ഇറങ്ങിപ്പോയ മൂക്കുത്തി വെളുത്തുമിന്നുന്നു. ഉടവു വറ്റാത്ത ശരീരത്തിനുമേൽ ഒരു പഴയ സാരി വാരിപ്പുതച്ചിരിക്കുന്നു. തലയ്ക്കുമുകളിൽ ഒതുക്കി കെട്ടിവെയ്ക്കാറുള്ള മുടി അലസമായി പാറിക്കിടക്കുന്നു എന്നതാണ് ഒരു വ്യത്യാസം. മുഖത്ത് എന്നെ കാണുമ്പോഴുള്ള ഭവ്യതയോടെയുള്ള ചിരിയില്ല. വല്ലാത്ത വിവശതയാണ്.

ഞാനൽപ്പം ഈർഷ്യയോടെയാണ് അവളെ സ്വീകരിച്ചത്. രൂപനിപ്പോൾ ഏഴാംക്ലാസ്സ് വിട്ടിരിക്കുന്നു. യു.പി.സ്കൂൾ അദ്ധ്യാപകനായ എനിക്ക് അവന്റെ മേലിനി ഒരു നിയന്ത്രണവുമില്ല. എന്നിൽനിന്നും എന്തെങ്കിലും സഹായത്തിനെഅവർ ഇതിനു



കവിത

പ്രൊഫ. ആദിനാട് ഗോപി

# ആശു



ആശുപത്രികളുണ്ടു നാട്ടിലൊക്കെയും, രോഗി-
യ്ക്കാശ്വാസമേകാനെട്ടുംപത്തും നിലകളിൽ
ആകാശത്തെയും ചെന്നു മുട്ടുവാൻ തരംനോക്കും;
ആകുകിലതിൻ മേളിലോട്ടുപോം സ്വർഗ്ഗം തൊടാൻ
ഓ.പി.യിൽ, അത്യാഹിതരംഗത്തിൽ, തീയേറ്ററിൽ,
ലബോറട്ടറികളിലൊക്കെയും തിരക്കത്രേ
അർദ്ധനാരീശ്വരനാം ശിവനെയെന്നപോലെ
ദേഹവും ക്രൂര രോഗപാരമ്പര്യവുമായി-
പ്പിറന്നു മരിക്കേണ്ടവരാണല്ലോയാണുംപെണ്ണും
കാശിലാണെല്ലാവരുമെത്തുക, ഓട്ടോറിക്ഷാ,
വേറിട്ടപലജാതിസൈക്കിളിൽ വരുന്നവർ:
ചുരുക്കം ചിലരെല്ലാം മുടന്തിയേന്തിക്കൊണ്ടും;
ആംഗലവർണ്ണമാലാക്രമത്തിൽത്തന്നെയൊട്ടും
ഭംഗം കൂടാതിപ്പോൾ ഭിഷഗ്വരവരന്മാർക്കും
പേരോടുചേർന്നുപല ഡിഗ്രികൾ മിഴിയ്ക്കുന്നു.
കേവലം എം.ബി.ബി.എസ്. ഡോക്ടറെയാർക്കും വേണ്ടാ,
ഏവരും മേൽപ്പഠിത്തക്കാരെയാണന്വേഷിപ്പൂ.
പഴുത്ത മാങ്ങായിലേയ്ക്കല്ലാതെ കൊളിപോക;
പേവാർഡിൽ സ്ഥലം പോരാനൂറുപേർ കിടക്കുന്നു
ചാവുന്നാളോവുമിരുമ്പു കട്ടിലിന്മേൽ
കീഴിലും പുതച്ചുമൂടിയിരുന്നൂഖുപേരും കാണും;

മുമ്പും വന്നിട്ടുള്ളൂ. എന്നുകരുതി എന്തെങ്കിലും ഉപദേശങ്ങൾ കൊടുക്കാറുണ്ടെന്നല്ലാതെ വല്ലാതെ മിനക്കെടാനൊന്നും ഞാൻ പോയിട്ടില്ല. പക്ഷേ ഈ വിവരം അത്ര നിസ്സാരമായ ഒന്നല്ല. അതായത് രൂപനെപോലീസ് പിടിക്കുക എന്ന കാര്യം.


'സാർ, ഞാൻ ആരോടുപോയി തിരക്കാനാണ്.'

കാര്യങ്ങൾ വിശദീകരിക്കവെ അവൾ പലവട്ടം വിതുമ്പിപ്പോയി.

ഇന്നലെ വൈകിട്ടാണ്. മുമ്പ് റയിൽവേ ചേരി നിന്നിരുന്ന സ്ഥലത്ത് നിന്നും രൂപനെപോലീസ് പിടിച്ചത്രെ. അവൻ ചെയ്ത കുറ്റമെന്താണെന്ന് അവൾക്കറിയില്ല. ഏത് പോലീസ് സ്റ്റേഷനിനേക്കാണ് കൊണ്ടുപോയതെന്നും.

ഇന്ന് രാവിലെ മുനിസിപ്പാലിറ്റി വാർഡ് മെമ്പറെ കണ്ടെങ്കിലും അവരത്ര ശ്രദ്ധിച്ചിട്ടില്ല എന്നും അത് തങ്ങൾക്ക് വോട്ടില്ലാത്തതുകൊണ്ടാണെന്നും ഇതിനിടയിൽ അവളെന്നോട് പറഞ്ഞു. പോലീസ് സ്റ്റേഷനിൽ പോകാൻ അവൾക്ക് ഭയമാണ്. കാരണം പല പോലീസുകാർക്കും അവളെ അറിയാമെന്നതുതന്നെ. അതവൾ പറയുന്നില്ല എന്നേയുള്ളൂ. അവളുടെ തൊഴിലിനെപ്പറ്റി പലരും എന്നോട് പലതും പറഞ്ഞിട്ടുണ്ട്. അതെന്തുമാകട്ടെ അവൾക്കിപ്പോൾ ആശ്രയിക്കാവുന്ന ഏക അധികാരസ്ഥാനം ഞാനാണ്.

ഞാൻ ആകെ ആശയകുഴപ്പത്തിലായി. പ്രായപൂർത്തിയാകാത്ത ഒരു പയ്യനെപോലീസ് പിടിച്ചു കൊണ്ടുപോകുക. ബന്ധപ്പെട്ടവരെ അറിയിക്കാതിരിക്കുക. ഇതിന് മാത്രം എന്ത് തെറ്റാണ് രൂപൻ ചെയ്തിരിക്കുക. കുറെ നാൾമുമ്പാണ് രൂപനും അവന്റെ അമ്മയും താമസിച്ചിരുന്ന റെയിൽവേ ചേരി നഗരസഭക്കാർ ബലമായി ഒഴിപ്പിച്ചത്. രൂപനടക്കം ചേരിയിലെ സകലരും അതിനെതിരായിരുന്നു. തടസ്സങ്ങളും ഒഴിപ്പിക്കലും ഒരാഴ്ചനീണ്ടു. സ്ത്രീകളെയും കുട്ടികളെയും വരെ അറസ്റ്റുചെയ്തു. പലതവണ ലാത്തി ചാർജ്ജുണ്ടായി. പത്രമാദ്ധ്യമങ്ങളിൽ വാർത്തകളുണ്ടായിരുന്നു. മുതിർന്നവരുടെ പേരിൽ കേസ്സുണ്ട്. ഒഴിപ്പിക്കലിനിടയിൽ രൂപന്റെ കൂട്ടുകാരിയും എന്റെ തന്നെ വിദ്യാർത്ഥിനിയുമായിരുന്ന തസ്ലീമയ്ക്ക് പരിക്കേറ്റിരുന്നു. കയ്യിൽ വച്ചുകെട്ടുമായി അവൾ ക്ലാസ്സിൽ വന്നത്



# പത്രികൾക്കാണ് രോഗം

വകുപ്പ് ഭരിക്കുന്ന മന്ത്രിയും കൂടെക്കൂടെ-
പ്പറക്കും കൊടികെട്ടി വന്നിടും സന്ദർശിക്കാൻ
പാരാസെറ്റമോൾ പോലുമാശുപത്രിയിലില്ല;
ധാരാളം കിട്ടുംപുറത്തൗഷധക്കടയുണ്ടു.
രൂപയഞ്ചാറുകൂടും; മോക്ഷത്തിനാണോ കട?
പഞ്ഞി, പ്ലാസ്റ്റർത്തുണി, ഡെറ്റോളൊക്കെയും നാസ്തി
സ്വർഗ്ഗത്തിലെത്തീടുവാൻ കൊരുത്തുകെട്ടിക്കേറും-
ലിഫ്റ്റുകൾ പൊങ്ങുന്നില്ലടഞ്ഞുകിടക്കുന്നു-
ത്രിശങ്കുവിനെപ്പോലെ; യാരുണ്ടാരായുവാൻ?
മെറ്റേണിറ്റിയെന്നുമൊരു കുംഭീപാകനരകം
ആശുപത്രിയിലുണ്ടതിലെക്കഥ ക്രൂരം;
'ഗർഭിണി പ്രസവിക്കും തനിയേയെന്നായമാർ'
നിർഭയം ചൊല്ലും പക്ഷേ, നമ്മുടെ ഭിഷഗ്വര ചിരിക്കും
കത്തിയുമായ് ചലിക്കും, ഗർഭപാത്ര-
ദ്വാരത്തെ കുത്തിക്കീറി കുഞ്ഞിനെയെടുത്തീടും.
വാതിൽക്കൽവച്ചേ ശിശു മരിച്ചുവെന്നുംവരാം.
കുഞ്ഞുങ്ങൾ ജനിച്ചാലും ചത്തുപോയാലുമെന്ത്
പച്ചനോട്ടുകൾ കയ്യിൽക്കിട്ടുവാനല്ലീ തന്ത്രം?
കൊച്ചുചത്തവരുടൻ തീപ്പന്തവുമായി വരും;
സമരം പ്രഖ്യാപിക്കാൻ ഡോക്ടർമാരും തയ്യാർ,
ആശുപത്രികളെല്ലാമടയും, വീട്ടിൽച്ചെന്നാൽ
കാശുനൽകുന്നോർക്കെല്ലാം ചികിത്സയവിടെയും.
ആരുണ്ടിതെല്ലാം കേൾക്കാൻ, കാണുവാൻ, മാറ്റിത്തരാൻ?
ക്ഷീരബലനൂറ്റിയൊന്നാവൃത്തി പത്ഥ്യം നോക്കി-
ക്കാര്യമായ്ക്കൊടുത്താലും മാറുന്നതല്ലീവാതം.

04742747482

ഞാനിപ്പോഴും ഓർക്കുന്നുണ്ട്. ഇതെല്ലാം കഴിഞ്ഞിട്ട് മാസം മൂന്നാലായി. രൂപനും തസ്ലിമയും എട്ടാം ക്ലാസ്സിലേക്ക് ജയിക്കുകയും ചെയ്തു. അവരുൾപ്പെടെ ചേരിനിവാസികളെ മുഴുവൻ കോർപ്പറേഷൻ കെട്ടിക്കൊടുത്ത ഫ്ളാറ്റിലേക്ക് മാറ്റിയിട്ടുണ്ട്. എന്നിട്ടും എന്താണിപ്പോൾ പുതിയൊരു സംഭവം.

'സർ, എന്തെങ്കിലും ചെയ്യണം. എനിക്ക് മറ്റെങ്ങും പോകാനില്ല.'

അവൾ എന്റെ മുഖത്തേക്ക് പ്രതീക്ഷയോടെ നോക്കി നിൽക്കുകയാണ്.

അത് ശരിയാണ് എന്നെനിക്കറിയാം. ആദ്യ ഭർത്താവിനെഉപേക്ഷിച്ച് മറ്റൊരാളുടെ കൂടെ ഇറങ്ങിപ്പോയതാണ് രൂപന്റെ അമ്മ. ഒരു പ്രണയത്തിന്റെ ന്യായീകരണം പോലുമില്ലാത്തതിനാൽ അവളും വീട്ടുകാരുമായുള്ള ബന്ധം അതോടെ തീർന്നിരുന്നു. അവളുടെ പുതിയ ഭർത്താവ് വേറൊരിണക്കിളിയോടൊപ്പം നാടുവിടുന്നതിനിടയിലാണ് രൂപനുണ്ടായത്. രൂപന്റെ ബാല്യം മുഴുവൻ ആ റെയിൽവേ ചേരിയിലായിരുന്നല്ലോ.

ഞാൻ പലവട്ടം ആലോചിച്ചു. ഇറങ്ങിപ്പുറപ്പെട്ടാൽ മിനക്കേടാണ്. ഉപദേശം നൽകലല്ലല്ലോ ഇവിടെ വേണ്ടത്.

എന്റെ മനസ്സിൽ രൂപന്റെ സൗമ്യമായ മുഖം വന്ന് മുട്ടി. എനിക്ക് ഒന്നും ചെയ്യാതിരിക്കാനാവില്ലെന്ന് തോന്നി. ഞാൻ മെല്ലെ എഴുന്നേറ്റ് ഹെഡ്മാസ്റ്ററുടെ മുറിയെ ലക്ഷ്യമാക്കി നടന്നു. അങ്ങനെയെങ്കിൽ ഉച്ചകഴിഞ്ഞ് ലീവ് പറയേണ്ടിവരും.

അവളെന്നെ പിൻതുടർന്നു. അപ്പോൾ എതിരേ വന്ന കാർത്തിക ടീച്ചറും ബീനടീച്ചറും ഞങ്ങളെ നോക്കി അർത്ഥം വെച്ച് ചിരിച്ചത് ഞാൻ കണ്ടു. മുമ്പും രൂപന്റെ കാര്യത്തിൽ ഞാനെടുത്തിരുന്ന താൽപ്പര്യം ഇവരെങ്ങനെയാണോ നോക്കിക്കണ്ടിരുന്നത്.


ഹെഡ്മാസ്റ്ററോട് വിവരം പറഞ്ഞ് പുറത്തിറങ്ങി. അവളെ പറഞ്ഞയയ്ക്കാൻ തെല്ലുപണിപ്പെട്ടു. അവൾ കൂടെവരാൻ തയ്യാറായിരുന്നു. അതെന്തായാലും എനിക്ക് സമ്മതമായിരുന്നില്ല. മാനക്കേടാണ്. അവളുടെ തൊഴിലിനെപ്പറ്റി പലരും പലതും പറയുന്നു. മുമ്പേ കണ്ട ടീച്ചർമാരുടെ അടക്കിപ്പിടിച്ച ചിരി തന്നെ ഉദാഹരണം.

എത്ര ചിന്തിച്ചിട്ടും ആശയകുഴപ്പം തീരുന്നില്ല. റെയിൽവേ പോലീസായിരിക്കുമോ അവനെപിടിച്ചത്. എങ്കിൽ എവിടെ അന്വേഷിക്കണമെന്ന് എനിക്കിപ്പോൾ ഒരു തിട്ടവുമില്ല. ലോക്കൽ പോലീസെങ്കിൽ വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിലാണ്. അവിടെ അന്വേഷിക്കാം. അവൻ ചെയ്ത കുറ്റമെന്തായിരിക്കും. അവനെപോലീസ് ഉപദ്രവിച്ചിരിക്കുമോ. ഞാനാകെ അസ്വസ്ഥനാകാൻ തുടങ്ങി.

വീണ്ടും എന്റെ മനസ്സിൽ രൂപന്റെ ചിത്രംവന്ന് മുട്ടി. ആറാം ക്ലാസ്സിൽ പഠിപ്പിക്കുമ്പോഴാണ് ഞാനവനെആദ്യമായി ശ്രദ്ധിക്കുന്നത്. അവന് പ്രത്യേകതകളൊന്നും ഇല്ലായിരുന്നു. പക്ഷേ അവൻ വരുന്നത് റയിൽവേ ചേരിയിൽ നിന്നാണെന്നറിഞ്ഞപ്പോൾ എനിക്കത്ഭുതം തോന്നി. ഇടതടവില്ലാതെ ചൂളംവിളിച്ചോടുന്ന ട്രെയിനുകളോട് ചേർന്ന് എങ്ങനെയാണ് ഇവർ ജീവിച്ചുപോകുന്നത്. തലങ്ങും വിലങ്ങും വിസർജ്ജ്യങ്ങൾ തൂകുന്ന റയിൽ പാളങ്ങൾ ഇവർക്ക് മനം പുരട്ടലുണ്ടാക്കില്ലെ. കൊച്ചുകുട്ടികൾ അലക്ഷ്യമായി നീളുന്ന പാളങ്ങളിലേക്കിറങ്ങി അപകടത്തിൽ പെടില്ലേ. രാത്രിയിൽ ഇവരെങ്ങനെഉറങ്ങും. സ്വസ്ഥമായിരുന്നൊന്ന് പഠിക്കാൻ കഴിയുമോ. ഇങ്ങനെയുള്ള ഒത്തിരി ചോദ്യങ്ങളും മനസ്സിൽ വെച്ചാണ് ഞാൻ അവനെനേരിട്ടത്. പക്ഷേ അവനിൽ നിന്നുണ്ടായതൊന്നും ഞാൻ പ്രതീക്ഷിച്ച ഉത്തരങ്ങളല്ലായിരുന്നു.

തീവണ്ടിയുടെ കൂകലിനനുസരിച്ച് ഉണരാനും, അതിന്റെ ഇരുചക്രങ്ങളുടെ താരാട്ട് കേട്ട് ഉറങ്ങാനും പറ്റുമെന്ന് എനിക്ക് പറഞ്ഞുതന്നത് അവനായിരുന്നു. അവന് നിരവധി കൂട്ടുകാരുണ്ട്. അത് ട്രെയിൻ യാത്രക്കാരാണ്. സ്ഥിരം യാത്രക്കാർക്ക് രാവിലെയും വൈകിട്ടും ടാറ്റ കൊടുത്താണ് യാത്രയാക്കുന്നത്. തിരിച്ചിങ്ങോട്ടും അങ്ങനെതന്നെ. ട്രെയിൻ ഉപേക്ഷിക്കുന്ന നിരവധി വിസർജ്ജ്യങ്ങൾക്ക് മുകളിൽ മൂക്കുപൊത്താതെ അതിൽനിന്ന് ഉപേക്ഷിക്കപ്പെട്ട കുപ്പികൾ പെറുക്കി മാറ്റി അതിൽനിന്ന് കാശുണ്ടാക്കാമെന്നും അവനെന്നോട് പറഞ്ഞു. എല്ലാവിധ ക്രിമിനൽ സംഘങ്ങളും അടിയുന്ന ചേരിയായിട്ടും അവനൊരു തെറിവാക്കുപോലും പറഞ്ഞതായി പരാതിയുണ്ടായിട്ടില്ല. ആരോടെങ്കിലും തല്ലുണ്ടാക്കിയതായി. അതുമില്ല.

സർ, ഞങ്ങൾ പത്തരയുടെ പാസഞ്ചർ പോയാൽ ഉറങ്ങാൻ കിടക്കും, രാവിലെ അഞ്ചര



യുടെ ഇന്റർസിറ്റിക്ക് എഴുന്നേൽക്കുകയും ചെയ്യും. ഒരിക്കൽ അവൻ പറഞ്ഞതോർക്കുന്നു. അവന് തീവണ്ടികളായിരുന്നു കൂട്ടുകാർ എന്ന് തോന്നിയിട്ടുണ്ട്.

സാധാരണപൗരന്മാർക്കുള്ള പല രേഖകളും അവർക്കില്ലായിരുന്നു. റേഷൻ കാർഡ് വോട്ടർ ഐ.ഡി അങ്ങനെയൊന്നും ഓരോ തവണയും ഇതെല്ലാം എങ്ങനെയുണ്ടാക്കാമെന്ന ചോദ്യവുമായാണ് അവന്റെ അമ്മ വരാറുള്ളത്. ചെയ്യേണ്ട കാര്യങ്ങളുടെ നീണ്ട നടപടിക്രമങ്ങൾ വിശദീകരിക്കുമ്പോഴേ അവൾ നിശബ്ദയാകും. ഒരു ചെറിയ നിരാശ മുഖത്ത് കാണാം. ജീവനോടുണ്ട് എന്ന് തെളിയിക്കാനാവശ്യമായ പ്രാഥമിക രേഖകൾ



പോലും അവൾ തന്നെ ഉണ്ടാക്കണമല്ലോ.

തസ്ലിമയ്ക്ക് എന്തെങ്കിലും അറിയുമോ എന്നറിയാൻ വിളിപ്പിച്ചിരുന്നു. അവൾ അപ്പോഴാണ് സംഭവമറിഞ്ഞത് എന്ന് തോന്നി. അവൾ വല്ലാതെ ഭയന്നിരുന്നു. എന്ത് തെറ്റായിരിക്കും അവൻ ചെയ്തിരിക്കുക എന്നതിന് അറിയില്ലെന്ന് തലയാട്ടി. പക്ഷേ അവൾ എന്തോ മറയ്ക്കുന്നതായി എനിക്കൊരു തോന്നൽ ഉണ്ടാകുകയും ചെയ്തു.

വെസ്റ്റ് പോലീസ് സ്റ്റേഷനിലേക്കാണ് ആദ്യം പോയത്. ഉച്ചതിരിഞ്ഞിരുന്നു. എന്റെ ഊഹം ശരിയായിരുന്നു. കയറിച്ചെല്ലുന്നിടത്ത് ഒരു പോലീസുകാരനിരിക്കുന്ന മേശയ്ക്ക് പിറകിൽ ചുമരോട് ചേർത്തിട്ട പഴയ ബെഞ്ചിൽ രൂപൻ ഇരിപ്പുണ്ടായിരുന്നു. അവന്റെ മുന്നിലായി ഒരു കടലാസ് പൊതിയും ഒരു കുപ്പിവെള്ളവും.

സ്ക്കൂൾ മാഷാണെന്നും രൂപനെ അന്വേഷിച്ചാണെന്നും ഞാൻ പോലീസുകാരനോട് പറഞ്ഞു. അയാൾ തെല്ലൊരാശ്വാസത്തോടെ എന്നെ നോക്കി.

'ആരെങ്കിലും അന്വേഷിച്ചെത്തൂന്ന് കരുതിരിക്ക്യാർന്നു ഞങ്ങള്. മാഷ് എസ്.ഐ സാറിനെ ഒന്ന് കണ്ടോളൂ.'

നടന്നുനീങ്ങുമ്പോൾ രൂപൻ തലയുയർത്തി നോക്കി. കണ്ണിൽ ചെറിയൊരു കുറ്റബോധമുണ്ട്. മുന്നിലെ ഇലപ്പൊതികളിൽ ചട്നിയിൽ മുങ്ങിയ ദോശയാണെന്ന് ഞാൻ കണ്ടു. പോലീസുകാർ വാങ്ങിക്കൊടുത്തതാകണം.

'ഇറ്റ് ഈസ് എ സിവിയർ ഒഫൻസ്.'

എസ്.ഐ എന്നോട് പറഞ്ഞു.

'ഇന്നലെ വൈകിട്ടാണ് സംശയാസ്പദമായ സാഹചര്യത്തിൽ രൂപനെ പോലീസ് അറസ്റ്റ് ചെയ്തത്. രാവിലെ അവന്റെ നഗരസഭാ ഫ്ളാറ്റിൽ വന്നെങ്കിലും ഉറ്റവരെ ആരെയും കണ്ടെത്താനായില്ല. അമ്മ എവിടേക്കോ പോയിരിക്കുന്നു. ഇവന്റെ കാര്യത്തിൽ എന്തു ചെയ്യണമെന്ന് ഒരു കൃത്യതയില്ലാതിരിക്കുമ്പോഴാണ് മാഷ് വന്നത്. അതെന്തായാലും നന്നായി.'

അവന്റെ കുറ്റം എന്തെന്നറിയാൻ ഞാൻ ഉത്സുകനായിരുന്നു.

'അവനെ ജുവനൈൽ കോർട്ടിൽ ഹാജരാക്കേണ്ടിവരും. എസ്.ഐ. തുടർന്നു പറഞ്ഞു. ഞാനറിഞ്ഞിടത്തോളം ഇവർക്ക് ചേരി പൊളിച്ചത് ഒട്ടും ഇഷ്ടപ്പെട്ടില്ല. പിന്നെ ഇവനൊരു കൂട്ടുകാരി ഉണ്ടെന്ന് കേൾക്കുന്നു. ആക്ഷനിൽ അവൾക്ക് പരിക്ക് പറ്റിയത്രെ. ഇതുരണ്ടും അവനിൽ വൈരാഗ്യമുണ്ടാക്കിയിട്ടുണ്ട്.' പിന്നെ എസ്.ഐ ഒരു തമാശയെന്നോണം പറഞ്ഞു.

'അട്ടയെപ്പിടിച്ച് മെത്തയിൽ കിടത്താമോ. ഇവരെയൊക്കെ റിഹാബിറ്റേറ്റ് ചെയ്യുക അത്ര എളുപ്പമല്ല. പുതിയ താമസസ്ഥലത്ത് വെള്ളമോ, വെളിച്ചമോ ഇല്ല അതും ഒരു കാരണം.'

'ഇതൊക്കെക്കൊണ്ടായിരിക്കണം ഇവൻ ഈയിടെ ട്രെയിനിൽ തുടർച്ചയായി കല്ലെറിഞ്ഞു കൊണ്ടിരുന്നത്.'

എസ്. ഐ. പറഞ്ഞു നിർത്തി.

9745464899